## പശ്ചിമഘട്ടം : പോരാട്ടങ്ങൾ

പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് നിരവധി പോരാട്ടങ്ങൾ കേരളമെമ്പാടും നടക്കുന്നുണ്ട്. കാടും പുഴയും മനുഷ്യകുലവും നഷ്ടമാകാതിരിക്കാൻ ചിലർ പുലർത്തുന്ന നിതാന്ത ജാഗ്രതയാണ് കാലത്തെ കേടുകൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നത്. വിവിധ ദേശങ്ങളിൽ നടക്കുന്ന അത്തരം ഇടപെടലുകളുടെ ആകെത്തുകകൂടിയാണ് പശ്ചിമഘട്ടത്തിലെ അവശേഷിക്കുന്ന പച്ചപ്പ്. പാലക്കാട് ജില്ലയിൽ പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തുന്ന ചില ജനകീയ ഇടപെടലുകളെക്കുറിച്ച് സാമൂഹിക പ്രവർത്തകനായ

**ഡോ. പി.എസ്. പണിക്കർ**

**പശ്ചിമഘട്ടത്തിലെ** വളരെയധികം ജൈവപ്രാധാന്യമുള്ളതും എന്നാൽ വലിയ ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുന്നതുമായി പ്രദേശമാണ് നെല്ലിയാമ്പതി. കേരളത്തിലെ അതിവിശിഷ്ടമായ 8 വനമേഖലകളിൽ ഒന്നാണ് നെല്ലിയാമ്പതി. സൈലന്റ്‌വാലിയോളം തന്നെ ജൈവവൈവിധ്യത്താൽ അതീവ സമ്പന്നം. 20 വർഷമായി നെല്ലിയാമ്പതി വിഷയങ്ങളിൽ ഇടപെടുന്നുണ്ട്. നെന്മാറ എൻ.എസ്.എസ് കോളേജിൽ അദ്ധ്യാപകനായിരിക്കുന്ന കാലത്ത് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് പല ക്യാമ്പുകളും അവിടെ നടത്തിയിട്ടുണ്ട്. നെല്ലിയാമ്പതിയുടെ അടിവാരത്താണല്ലോ കോളേജ്. ഒരുപാട് വിദ്യാർത്ഥികൾ പാരിസ്ഥിതികാവബോധത്തിലേക്ക് എത്താൻ നെല്ലിയാമ്പതി കാരണമായിട്ടുണ്ട്. അക്കാലത്ത് മരംമുറിയായിരുന്നു അവിടെ പ്രധാന പ്രശ്നം. ഒരു ജർമ്മൻ സായിപ്പിന്റെ എസ്റ്റേറ്റ് കേന്ദ്രീകരിച്ച് വ്യാപകമായ ജൈവവൈവിധ്യ കടത്തും നടന്നിരുന്നതായി ആരോപണമുണ്ട്. അതിനെതിരെ ചില പ്രക്ഷോഭങ്ങൾ നടത്തിക്കൊണ്ടാണ് ഞങ്ങൾ സജീവമാകുന്നത്. വനംവകുപ്പ് ഉദ്യോഗസ്ഥരുടെ അറിവോടെ നടന്ന കൊള്ളയായിരുന്നു അത്. ആർക്കെതിരെയും നടപടിയുണ്ടായില്ല.

2003ൽ നെല്ലിയാമ്പതി ഇന്ത്യയിലെ സുപ്രധാന ഹിൽസ്റ്റേഷനുകളിൽ ഒന്നായി കേന്ദ്ര സർക്കാർ അംഗീകരിച്ചു. ഹിൽസ്റ്റേഷനായി പ്രഖ്യാപിക്കപ്പെട്ടാൽ അതിനൊരു മാസ്റ്റർ പ്ലാൻ വേണമെന്നും അതിനനുസരിച്ചുള്ള വികസനം മാത്രമെ അവിടെ നടത്താൻ പാടുള്ളൂ എന്നുമുണ്ട്. ടൂറിസത്തിനും നിർമ്മാണപ്രവർത്തനങ്ങൾക്കുമെല്ലാം നിയന്ത്രണം വരും. എന്നാൽ നെല്ലിയാമ്പതിക്ക് ഇതേവരെ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. അതാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ മന്ത്രിമാർക്കും ചീഫ് സെക്രട്ടറിക്കുമൊക്കെ നൽകിയിട്ടും ആരും വിഷയം പരിഗണിച്ചില്ല. കേരളത്തിന് പുറത്തുള്ള പ്രധാന ഹിൽസ്റ്റേഷനുകളായ മിസോറിക്കും, ഡാർജിലിംഗിനും, കൊടൈക്കനാലിനുമെല്ലാം മാസ്റ്റർ പ്ലാനുകളുണ്ട്.

# നെല്ലിയാമ്പതി നശിച്ചാൽ കുടിവെള്ളം മുട്ടും

2009ൽ പോത്തുണ്ടിയിൽ നിന്നും നെല്ലിയാമ്പതിയിലേക്കുള്ള റോഡ് വികസിപ്പിക്കുന്നതിന്റെ പേരിൽ നടന്ന വനനശീകരണത്തിനെതിരെയും ഞങ്ങൾ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിച്ചു. വലിയ മരങ്ങൾ മുറിച്ചുമാറ്റി, അശാസ്ത്രീയമായ രീതിയിലായിരുന്നു അവിടെ റോഡ് നിർമ്മാണം. ടൂറിസത്തിലേക്ക് തിരിഞ്ഞ എസ്റ്റേറ്റുകാരെ സഹായിക്കുന്നതിനായിരുന്നു റോഡ് നിർമ്മാണം. അതുപോലെ 2010ൽ കാരപ്പാറയിൽ ഒരു മരപ്പാലം പൊളിച്ച് കോൺക്രീറ്റ് പാലം കെട്ടുന്നതിന് അനുമതി കൊടുത്തതിനെതിരെ പ്രക്ഷോഭം നടത്തി. തുടർന്ന് ആ അനുമതി പിൻവലിച്ചു. നെല്ലിയാമ്പതിയിലെ പാട്ടവനഭൂമിയുടെ ക്രയവിക്രയത്തിലെ ക്രമക്കേടുകൾക്കെതിരെ നടന്ന പ്രക്ഷോഭമാണ് വളരെ നീണ്ടുനിന്നത്. വ്യാപകമായ തിരിമറികളാണ് പാട്ടത്തിന് ഭൂമിയെടുത്തിട്ടുള്ള കക്ഷികളെല്ലാം നെല്ലിയാമ്പതിയിൽ നടത്തുന്നത്. പാട്ടത്തിന് നൽകിയ ഭൂമി നിയമവിരുദ്ധമായി കൈമാറുക, മറിച്ച് വിൽക്കുക, പണയപ്പെടുത്തി കോടിക്കണക്കിന് രൂപ ദേശസാൽകൃത ബാങ്കിൽ നിന്നും വായ്പയെടുക്കുക തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ഞങ്ങൾ നെല്ലിയാമ്പതിയിലും പാലക്കാട് കളക്ട്രേറ്റിന് മുന്നിലും നീണ്ടു നിൽക്കുന്ന സമരങ്ങൾ നടത്തി. നെല്ലിയാമ്പതിയെ നിയമലംഘനങ്ങൾ സംസ്ഥാന തലത്തിൽ ചർച്ചചെയ്യപ്പെടുന്ന വിഷയമായി മാറുകയും ചെറുനെല്ലി, സീതാർമൗണ്ട്, മീരാഫ്ളെവെഴ്സ്, അലക്സാണ്ട്രിയ, കാരപ്പാറ തുടങ്ങിയ എസ്റ്റേറ്റുകളുടെ ക്രമക്കേടുകൾ തെളിയിക്കപ്പെടുകയും ചെയ്തു. ഭൂമി പണയപ്പെടുത്തി ബാങ്കിൽ നിന്നും വായ്പയെടുത്തു എന്ന കേസിൽ പ്രാഥമികമായി നടത്തിയ അന്വേഷണ വിവരമനുസരിച്ച് ഓരോ എസ്റ്റേറ്റും 47 ലക്ഷം മുതൽ 3 വായ്പയെടുത്തിട്ടുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. സത്യസന്ധവും നിഷ്പക്ഷവുമായ അന്വേഷണം നടത്തിയാൽ ഇനിയും കോടികളുടെ കണക്കുകൾ പുറത്തുവരും. ഇനിയും പാട്ടകരാർ ലംഘിച്ച 32 തോട്ടങ്ങൾ സർക്കാറിലേക്ക് തിരിച്ചുപിടിക്കേണ്ടതായുണ്ട്.

നെല്ലിയാമ്പതിയിൽ നടക്കുന്ന ഇടപാടുകളിൽ സർവ്വീസിൽ ഉള്ളതും വിരമിച്ചതുമായ നിരവധി സർക്കാർ ഉദ്യോഗസ്ഥരുടെ പങ്ക് ഞങ്ങൾക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. വലിയൊരു മാഫിയയാണവർ. ഇവരുടെ പ്രവർത്തനത്തെപ്പറ്റി ഡി.ജി.പി നേരിട്ട് അന്വേഷണം നടത്തുകയോ, സ്പെഷ്യൽ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കുകയോ ആണ് വേണ്ടത്.

## നെല്ലിയാമ്പതിയുടെ പ്രാധാന്യം


പാവങ്ങളുടെ ഊട്ടി എന്ന വിശേഷണമുള്ള നെല്ലിയാമ്പതിയുടെ പാരിസ്ഥിതിക പ്രാധാന്യം പൊതുസമൂഹത്തിനോട് വിശദീകരിച്ച് അവരെക്കൂടി നെല്ലിയാമ്പതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ ശ്രമിക്കുന്നുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്ത് ഓറഞ്ച് കൃഷി നടന്നിരുന്ന സ്ഥലമാണ് നെല്ലിയാമ്പതി. ഇംഗ്ലണ്ടിലെ ബക്കിംഗ്ഹാം പാലസിലേക്ക് നെല്ലിയാമ്പതിയിൽ നിന്നുള്ള ഓറഞ്ചാണ് കയറ്റി അയച്ചിരുന്നത്. അത്രയ്ക്ക് മധുരമുള്ള ഓറഞ്ചായിരുന്നു നെല്ലിയാമ്പതിയിലുണ്ടായിരുന്നത്. കൊച്ചി രാജാവാണ് അവിടെ എസ്റ്റേറ്റുകൾ പാട്ടത്തിന് നൽകിത്തുടങ്ങിയത്. എന്നാൽ എസ്റ്റേറ്റിൽ നിന്നും മരം മുറിക്കുന്നതിന് ശക്തമായ നിയന്ത്രണം കൊച്ചിരാജാവ് ഏർപ്പെടുത്തിയിരുന്നു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷമാണ് മരം മുറി വ്യാപമാകയത്.

പാലക്കാട് ചുരത്തിന് തൊട്ട് തെക്ക് ഉയർന്നു നിൽക്കുന്ന നെല്ലിയാമ്പതി എന്ന ജലഗോപുരമാണ് പാലക്കാട്, തൃശൂർ ജില്ലകളിലെ നദികളുടെ നീരൊഴുക്ക് നിയന്ത്രിക്കുന്നത്. ഭാരതപ്പുഴയുടെ പോഷക നദിയായ ചിറ്റൂർപുഴ, ഗായത്രിപുഴ, അയിലൂർപുഴ, മംഗലംപുഴ, പോത്തുണ്ടി, സീതാർകുണ്ട്, കാരപ്പാറ പുഴകൾ, പീച്ചി, വാഴച്ചാൽ, ചാലക്കുടിപ്പുഴ എന്നിവയുടെ പ്രഭവസ്ഥാനം നെല്ലിയാമ്പതിയാണ്. പാലക്കാട്, തൃശൂർ ജില്ലകളുടെ കാലാവസ്ഥ നിർണ്ണയത്തിലും നെല്ലിയാമ്പതിക്ക് പരമപ്രാധാന്യമുണ്ട്. എസ്റ്റേറ്റുകൾ മരംമുറി വ്യാപകമാക്കിയതോടെയും ചെക്ക്ഡാമുകൾ കെട്ടിത്തുടങ്ങിയതോടെയുമാണ് ഈ പുഴകളിലേക്കുള്ള നീരൊഴുക്ക് കുറഞ്ഞത്. ഐലൂർ പുഴയിലേക്ക് വരുന്ന ഒരു നീരൊഴിക്കിലാണ് പോബ്സൺ ചെക്ക്ഡാം കെട്ടി അവരുടെ ആവശ്യത്തിന് വെള്ളമെടുക്കുന്നത്. ഭാരതപുഴ വരളുന്നതിന് കാരണവും നെല്ലിയാമ്പതിയിൽ തന്നെ കണ്ടെത്താൻ കഴിയും. ഭൂപ്രകൃതിക്ക് അനുയോജ്യമല്ലാതിരുന്ന റബ്ബർ പോലെയുള്ള പ്ലാന്റേഷനുകളിലേക്ക് തോട്ടങ്ങൾ മാറിയതും നീരൊഴുക്കിനെ ബാധിച്ചിട്ടുണ്ട്. തോട്ടങ്ങളിൽ തളിക്കുന്ന മാരക കീടനാശിനികളും പുഴയിലേക്ക് ഒഴുകിയെത്തി.

## തോട്ടങ്ങൾ വനമാക്കണം

സർക്കാർ ഏറ്റെടുത്ത തോട്ടങ്ങൾ തോട്ടങ്ങളായി തന്നെയാണ് ഇപ്പോൾ സംരക്ഷിക്കുന്നത്. അത് ശരിയായ നിലപാടല്ല. പാട്ടക്കാലാവധി കഴിഞ്ഞ് തിരിച്ചെടുത്തതും നിയമലംഘനം നടത്തിയതുമൂലം തിരിച്ചെടുത്തതുമായ തോട്ടങ്ങൾ വനമാക്കി മാറ്റാനുള്ള ആർജ്ജവം സർക്കാർ കാണിക്കണം. പാരിസ്ഥിതിക നാശത്തിൽ നിന്നും നെല്ലിയാമ്പതിയെ രക്ഷിക്കാൻ അതിലൂടെ കഴിയും. ഭാരതപ്പുഴയിലെയും ചാലക്കുടിപ്പുഴയിലെയും നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിയും. എല്ലാ വേനലിലും കുടിവെള്ളക്ഷാമം കൊണ്ട് പൊറുതിമുട്ടുകയാണ് നമ്മൾ എന്ന കാര്യം മറക്കുന്നത് നല്ലതല്ല.

തൊഴിലാളികളെ സംരക്ഷിക്കുന്നതിനാണ് തോട്ടങ്ങൾ തോട്ടങ്ങളായി നിലനിർത്തുന്നതെന്നാണ് സർക്കാറിന്റെ വാദം. അതിൽ കഴമ്പില്ല. വനമാക്കി മാറ്റിയാൽ പോലും സർക്കാർ പറയുന്നതുപോലെയുള്ള ഒരു തൊഴിൽ പ്രശ്നം അവിടെയുണ്ടാകില്ല. അവർക്ക് വനംവകുപ്പിൽ ജോലി നൽകാമല്ലോ. എന്നാൽ തൊഴിലാളികളെ മുൻ നിർത്തിയാണ് എസ്റ്റേറ്റ് ലോബികൾ പരിസ്ഥിതി പ്രവർത്തകരെ നേരിടുന്നത്. തൊഴിലാളികൾ പരിസ്ഥിതി പ്രവർത്തകരെ കയ്യേറ്റം ചെയ്ത സംഭവം വരെയുണ്ടായി. പരിസ്ഥിതി പ്രവർത്തകരുടെ ശക്തമായ ഇടപെടലിനെ തുടർന്നാണ് തൂത്തംപാറ എസ്റ്റേറ്റ് സർക്കാർ ഏറ്റെടുത്തത്. അന്നുമുതൽ തൊഴിലാളികളുടെ ഭീഷണി പരിസ്ഥിതി പ്രവർത്തകർക്ക് നേരെയുണ്ട്.



പ്പോൾ തന്നെ തുടങ്ങിയിട്ടുണ്ട്. നിയമവിധേയ മല്ലാത്ത പല പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. രവിവർമ്മ എസ്റ്റേറ്റിൽ ടൂറിസത്തിന്റെ മറവിൽ നടക്കുന്ന വൃത്തികേടുകൾ ചാനലുകളും പത്ര ങ്ങളും റിപ്പോർട്ട് ചെയ്തിരുന്നു.

## ഹരിത എം.എൽ.എമാരുടെ സന്ദർശനം

വിവാദങ്ങൾ മുറുകി നിൽക്കുന്ന സമയത്ത് നെല്ലിയാമ്പതി സന്ദർശിക്കുക എന്നതിന് പിന്നിലെ ഹരിത എം.എൽ.എമാരുടെ ആത്മാർത്ഥതയെ ഞാൻ അംഗീകരിക്കുന്നു. പക്ഷെ അവരുടെ പാർട്ടിയിൽ നിന്നുള്ള രാഷ്ട്രീയ ഇടപെടലുകളെ അവർക്ക് എത്രത്തോളം മറികടക്കാം എന്നത് കണ്ടറിയണം. ഇടതുപക്ഷം ഒളിച്ചുകളി തുടരുന്ന സാഹചര്യത്തിൽ ഈ എം.എൽ.എമാർ എങ്കിലും താത്പര്യമെടുത്തത് കുറെ ഉപകാരപ്പെട്ടു. പി.സി. ജോർജ്ജ് പറയുന്നത് അടിസ്ഥാനമില്ലാത്ത കാര്യങ്ങളാണ്. അദ്ദേഹം പറയുന്നതുപോലെ ചെറുകിട കർഷകരല്ല അവിടെയുള്ളത്. കള്ളം പറഞ്ഞ് കള്ളത്തരങ്ങൾ ന്യായീകരിക്കാനുള്ള ശ്രമമാണ് പി.സി. ജോർജ്ജ് നടത്തുന്നത്.

## ഇമേജ് സൃഷ്ടിക്കുന്ന മാരകവിഷം

ഐ.എം.എയുടെ ഇമേജ് (Indian Medical Association Goes Eco-friendly) ആണ് വനത്തിനു

നെല്ലിയാമ്പതി മലനിരകൾ ശീതകാല പച്ചക്കറികൾ നന്നായി വിളയുന്ന സ്ഥലമാണ്. ജൈവകൃഷിയിലൂടെ ശീതകാല പച്ചക്കറികൾ ഉത്പാദിപ്പിക്കാനും തൊഴിൽ നഷ്ടമായവർക്ക് തൊഴിൽ നൽകാനും പരിസ്ഥിതി പുനഃസ്ഥാപിക്കാനും കഴിയും.

ധനേഷ്കുമാർ നെല്ലിയാമ്പതി ഡി.എഫ്.ഒ ആയിരുന്ന കാലത്താണ് നെല്ലിയാമ്പതിയിലെ കയ്യേറ്റങ്ങൾ കണ്ടെത്താൻ ആത്മാർത്ഥമായ ശ്രമങ്ങൾ അദ്ദേഹത്തിന്റെ മുൻകൈയിൽ നടന്നത്. പല എസ്റ്റേറ്റുകളും തിരിച്ചുപിടിക്കാനും കഴിഞ്ഞു. ഞങ്ങൾ പൊതുപ്രവർത്തകരെല്ലാം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിയിരുന്നു. എന്നാൽ അദ്ദേഹം സ്ഥലം മാറിപ്പോയ ശേഷം വനം വകുപ്പിന്റെ കാര്യങ്ങൾ പിന്നെയും അവതാളത്തിലായി.

> മൂന്നാറിന്റെ ഗതിയാണ് നെല്ലിയാമ്പതിക്ക് വരാൻ പോകുന്നത്. എസ്റ്റേറ്റുകളെല്ലാം നഷ്ടത്തിലായതോടെ അവരെല്ലാം ടൂറിസത്തിലേക്ക് തിരിഞ്ഞിരിക്കുകയാണ്. അവരെ സഹായിക്കുന്നതിനായി സർക്കാർ നിയമവും മാറ്റി എഴുതിയിരിക്കുന്നു. അഞ്ച് ശതമാനം എസ്റ്റേറ്റ് ഭൂമി റിസോർട്ടുകെട്ടാൻ ഉപയോഗിക്കാം എന്നാണ് പുതിയ സർക്കാർ തീരുമാനം.

## ടൂറിസം

മൂന്നാറിന്റെ ഗതിയാണ് നെല്ലിയാമ്പതിക്ക് വരാൻ പോകുന്നത്. എസ്റ്റേറ്റുകളെല്ലാം നഷ്ടത്തിലായതോടെ അവരെല്ലാം ടൂറിസത്തിലേക്ക് തിരിഞ്ഞിരിക്കുകയാണ്. അവരെ സഹായിക്കുന്നതിനായി സർക്കാർ നിയമവും മാറ്റി എഴുതിയിരിക്കുന്നു. അഞ്ച് ശതമാനം എസ്റ്റേറ്റ് ഭൂമി റിസോർട്ടുകെട്ടാൻ ഉപയോഗിക്കാം എന്നാണ് പുതിയ സർക്കാർ തീരുമാനം. പല എസ്റ്റേറ്റുകളും ടൂറിസം പ്രവർത്തനങ്ങൾ ഇ ള്ളിൽ പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനം. പുതുശ്ശേരി പഞ്ചായത്തിലെ മാന്തുരുത്തി എന്ന വനമേഖലയിലാണ് സ്ഥാപനം സ്ഥിതി ചെയ്യുന്നത്. മലമ്പുഴ ഡാമിന്റെ വൃഷ്ടി പ്രദേശമാണിവിടം. മാരകമായ ആശുപത്രി മാലിന്യങ്ങൾ കൊണ്ടുവന്ന് ഇൻസിനറേറ്ററിൽ ഇട്ട് കത്തിക്കുകയാണ് പരിപാടി. അങ്ങനെ കത്തിക്കുന്ന ചാരം ഈ പ്രദേശത്ത് തന്നെയാണ് നിക്ഷേപിക്കുന്നത്. ഭാരപ്പുഴയുടെ കൈവഴിയായ കോരയാറിനെയും മലമ്പുഴ ഡാമിനെയും ഇത് ബാധിക്കുമെന്ന് ഞങ്ങൾ പല തവണ പരാതി പറയുകയും പ്രക്ഷോഭങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഗുരുതരമായ മാലിന്യപ്രശ്നങ്ങൾ കാരണം പശ്ചാത്യരാജ്യങ്ങൾ ഉപേക്ഷിച്ച ടെക്നോളജിയാണ് ഇൻസിനറേഷൻ. എന്നിട്ടും ഇവിടെ സുപ്രധാനമായ വനമേഖലയിൽ അത് ഉപയോഗിക്കപ്പെട്ടിട്ടും നടപടികൾ ഒന്നുമുണ്ടായിട്ടില്ല.

### മഹാരാജകുളം സംരക്ഷണം

വാളയാറിൽ ഇന്റഗ്രേറ്റഡ് ചെക്പോസ്റ്റ് വരുന്നതിന്റെ ഭാഗമായി മഹാരാജകുളം എന്ന ചരിത്രപ്രാധാന്യമുള്ള ഒരു കുളം നികത്താൻ നീക്കം നടന്നിരുന്നു. ഞങ്ങൾ അതിനെതിരെ പ്രക്ഷോഭം നടത്തുകയും കുളം സംരക്ഷിക്കാൻ കഴിയുകയും ചെയുതു. ടിപ്പുവിന്റെ സൈന്യത്തെ പരാജയപ്പെടുത്തിയ പാലക്കാട് രാജാവിന്റെ പടയാളികൾ യുദ്ധത്തിന് ശേഷം വാൾ കഴുകിയ കുളമായതുകൊണ്ടാണ് അതിന് മഹാരാജകുളം എന്ന് പറയുന്നത്. ആ കുളം നികത്തപ്പെട്ടാൽ വാളയാർ പ്രദേശങ്ങളിലെ ജലസ്രോതസ്സുകളെയെല്ലാം അത് ബാധിക്കും. ഭൂഗർഭജലം റീച്ചാർജ്ജ് ചെയ്യുന്നതിൽ വലിയ പങ്കുള്ള കുളമാണത്. മധുര ജില്ല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കുളങ്ങളുള്ള ജില്ലയാണ് പാലക്കാട് ജില്ല. അതുകൊണ്ട് തന്നെ പാലക്കാട് ജില്ലയിലെ കുളങ്ങൾ സംരക്ഷിക്കാൻ ഞങ്ങൾ നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

### ട്രെയിൻ തട്ടി മരിക്കുന്ന ആനകൾ

കഞ്ചിക്കോടിനും വാളയാറിനും ഇടയ്ക്ക് ട്രെയിൻ തട്ടി ആന മരിക്കുന്ന സംഭവം ഇടയ്ക്ക് പതിവായിരുന്നു. പഴയ ഒരു ആനത്താരയായിരുന്നു അത്. ആന വെള്ളം കുടിക്കാൻ വരുന്ന വഴിയാണല്ലോ അത്. ആനയ്ക്ക് റെയിൽവേട്രാക്ക് ഉള്ള കാര്യം അറിയില്ല. അതുകൊണ്ട് ഇടയ്ക്കിടെ അപകടമുണ്ടാകും. അത് ആവർത്തിക്കപ്പെട്ട സമയത്ത് ഫെൻസിംഗ് നടത്തുക, തീവണ്ടി വേഗതകുറച്ച് പോവുക തുടങ്ങിയ കാര്യങ്ങൾ ഉന്നയിച്ച് ഞങ്ങൾ പ്രക്ഷോഭം നടത്തി. ഇപ്പോൾ തീവണ്ടി വേഗത കുറച്ചാണ് ആ വഴിക്ക് പോകുന്നത്. അതൊന്നും പ്രശ്നത്തിന് ഒരു പരിഹാരമാകണമെന്നില്ല. കാട്ടിൽ ഭക്ഷണം കുറഞ്ഞതുകൊണ്ടുതന്നെയാണ് ആനകൾ പുറത്തേക്ക് വരുന്നത്.

### മലബാർ സിമന്റ്സും ഖനികളും

മലമ്പുഴയിലെ വനപ്രദേശത്തുള്ള മലബാർ സിമന്റ്സിന്റെ ഖനികളാണ് മറ്റൊരു പ്രശ്നം. 15ഓളം വലിയ ഖനികൾ അവർക്ക് കാട്ടിനുള്ളിലുണ്ട്. ഈ ഖനികളിൽ നിന്നുള്ള അവശിഷ്ടങ്ങൾ നേരിട്ട് ഡാമിലേക്കാണ് ഒഴുകിയെത്തുന്നത്. ഉപേക്ഷിച്ച ഖനികൾ മണ്ണിട്ട് മൂടണമെന്ന് നിയമമുണ്ട്. അവർ അതൊന്നും പാലിക്കാറില്ല. മലബാർ സിമന്റ്സ് ഫാക്ടറിയും കാട്ടിനുള്ളിലാണ് ഇരിക്കുന്നത്. ഫാക്ടറിയിൽ നിന്നുള്ള സിമന്റിന്റെ ധൂളികളും കാടിന് ഭീഷണിയാകുന്നുണ്ട്.

### അട്ടപ്പാടിയിലെ കയ്യേറ്റങ്ങൾ

അട്ടപ്പാടിയിലെ മരം മുറിക്കെതിരെ നടത്തിയ പോരാട്ടമാണ് മറ്റൊന്ന്. അങ്കമാലി തോമസ് എന്ന ഒരാൾ സ്വകാര്യ തോട്ടങ്ങളിൽ നിന്നും ആറ് ലോഡ് മരം മുറിച്ചു കടത്തി. വനംവകുപ്പ് ഫ്ളയിംഗ് സ്ക്വാഡ് അത് പിടിച്ചു. തുടർന്ന് അന്ന് വനം മന്ത്രിയായിരുന്ന ബിനോയ് വിശ്വം സ്ഥലം സന്ദർശിച്ച് നടപടിയെടുക്കുമെന്നും സ്വകാര്യഭൂമിയും വനഭൂമിയും കൃത്യമായി അളന്ന് തിട്ടപ്പെടുത്തുമെന്നും പറഞ്ഞു. എന്നാൽ മന്ത്രിയുടെ ഇടപെടലുണ്ടായ വിഷയമായിട്ടും പിടിച്ചെടുത്ത മരം മുറിച്ചവർക്ക് തന്നെ പിന്നീട് തിരികെകിട്ടി. തിരിമറികൾ ഒരുപാട് നടന്നിട്ടുണ്ട്. ആ പ്രശ്നത്തിലും ഞങ്ങൾ കുറേ നിവേദനങ്ങൾ നൽകിയിരുന്നു. പക്ഷെ ബിനോയ് വിശ്വം പിന്നീട് അതിനെക്കുറിച്ച് ഒന്നും മിണ്ടിയിട്ടില്ല.

അട്ടപ്പാടിയിലെ പല എസ്റ്റേറ്റുകളും നെല്ലിയാമ്പതിയിലേത് പോലെ അനധികൃതമാണ്. വനംവകുപ്പ് മിക്കതും കണ്ടെത്തുകയും സർക്കാറിന് റിപ്പോർട്ട് കൈമാറുകയും ചെയ്തിട്ടുണ്ട്. ആ എസ്റ്റേറ്റുകൾ സർക്കാറിന് എപ്പോൾ വേണമെങ്കിലും ഏറ്റെടുക്കാനുള്ള നിയമപരമായ എല്ലാ സാധ്യതകളും ഇപ്പോൾ നിലനിൽക്കുന്നുണ്ട്. എന്നിട്ടും നടപടിയുണ്ടാകുന്നില്ല. മലയാള മനോരമയുടെ ഭവാനി എസ്റ്റേറ്റാണ് അതിലൊന്ന്. നീലഗിരി ബയോസ്ഫിയർ റിസർവിൽ വരുന്ന ആ സ്ഥലത്ത് 25 ഓളം അനധികൃത എസ്റ്റേറ്റുകൾ ഉണ്ടെന്നാണ് ഇപ്പോൾ അറിയാൻ കഴിയുന്നത്.

### മറ്റ് പോരാട്ടങ്ങൾ

അനങ്ങൻമല പൊളിക്കുന്നതിനെതിരെയും ധോണിയിലെയും അകമലവാരത്തെ ക്വാറികൾക്കെതിരെയും സൈലന്റ് വാലിയിലെ ബഫർ മേഖലയിൽ വരാൻ ഉദ്ദേശിച്ച കുപ്പി വെള്ള കമ്പനിക്കെതിരെയും പാത്രക്കടവ് പദ്ധതി വീണ്ടും കൊണ്ടുവരാൻ നടത്തുന്ന നീക്കങ്ങൾക്കെതിരെയുമുള്ള പോരാട്ടങ്ങളാണ് പശ്ചിമഘട്ട മേഖലയിൽ ഇപ്പോഴും നടത്തുന്ന മറ്റ് പോരാട്ടങ്ങൾ.

പുതിയ ഡോക്യുമെന്ററികൾ

കൂടംകുളം ആണവവിരുദ്ധ സമരത്തെക്കുറിച്ചുള്ള
പുതിയ ഡോക്യുമെന്ററികളുടെ
കോപ്പികൾ കേരളീയത്തിൽ

**നെയ്തലിൻ പാടൽ**
(സംവിധാനം : ശ്രീമിത്ത്)

**ടൈം ബോംബ് അറ്റ് ഔവ്വർ ഡോർസ്റ്റെപ്പ്**
(സംവിധാനം : സതീഷ്. കെ)

**ഫില്ലിംഗ് ദ ബ്ലാങ്ക്സ്**
(ഓട്ടോ ഡ്രൈവറായിരുന്ന ദളിത് യുവതി
ചിത്രലേഖയുടെ ദുരനുഭവങ്ങൾ)
സംവിധാനം : ശ്രീമിത്ത്

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ) 33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ. നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ. നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ- ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ)
25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്

കേരളീയം
കൊക്കാലെ, തൃശൂർ-21.
ഫോൺ : 0487-2421385, 9446576943